**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ.മുഹമ്മദ് സലിമിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 3176/2016/തസ്വഭവ** **തിരുവനന്തപുരം, തീയതി, 23.11.2016.**

---

പരാമർശം: 1) പത്തനംതിട്ട ജില്ലാ കളക്ടറുടെ 20.09.2015 തീയതിയിലെ ഡി.3-1909/2015 നമ്പർ നടപടിക്രമം.

2) ഗ്രാമവികസന കമ്മീഷണറുടെ 05.09.2016 തീയതിയിലെ 13866/എസ്റ്റാ.സി3/16/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ.മുഹമ്മദ് സലിം 06.01.2004-ൽ സർവ്വീസിൽ പ്രവേശിക്കുകയുണ്ടായി. എം.ഒ.പി. പരീക്ഷ വിജയിക്കാതിരുന്നതിനാൽ ടിയാന് യഥാസമയം ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ ഡിക്ലയർ ചെയ്തിട്ടില്ല. അതിനാൽ ടിയാന്റെ പ്രൊബേഷൻ കാലം 06.01.2006 മുതൽ 05.01.2007 വരെ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി പരാമർശം (1) പ്രകാരം ദീർഘിപ്പിച്ച നല്കിയിട്ടുണ്ട് എന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. 14.08.2014-ൽ നടന്ന എം.ഒ.പി. പരീക്ഷയിൽ ശ്രീ.മുഹമ്മദ് സലിം വിജയിച്ചിട്ടുള്ള സാഹചര്യത്തിൽ കോയിപ്രം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസിലെ ക്ലാർക്കായ ശ്രീ.മുഹമ്മദ് സലിമിന് 06.01.2007 മുതൽ 15.08.2014 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.മുഹമ്മദ് സലിം 14.08.2014 തീയതിയിൽ നടന്ന Manual of Office Procedure പരീക്ഷ വിജയിച്ചതിനാൽ ടിയാന്റെ പ്രൊബേഷൻ 06.01.2007 മുതൽ 15.08.2014 വരെ കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സന്തോഷ് കുമാർ എസ്.ആർ.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (സേവന പുസ്തകം സഹിതം)

ശ്രീ.മുഹമ്മദ് സലിം, ക്ലാർക്ക്, കോയിപ്രം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസ്, പത്തനംതിട്ട.

(ഗ്രാമവികസന കമ്മീഷണർ മുഖേന)

അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ), പത്തനംതിട്ട.

ജില്ലാ കളക്ടർ, പത്തനംതിട്ട.

സെക്രട്ടറി, കോയിപ്രം ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസ്, പത്തനംതിട്ട

ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

(ഗവ.വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ